(എ) കെ.എസ്.ഇ.ബി.-യിൽ ആശ്രിത നിയമനത്തിന് നിലവിൽ പാലിച്ചുവരുന്ന മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ ;

(ബി) ജോലിക്കിടയിൽ ഗുരുതരമായ അപകടം സംഭവിച്ചവരുടെ ആശ്രിതർക്ക് നാളിതുവരെയായി ഏതെങ്കിലും നിയമനം നൽകിയിട്ടുണ്ടോ ;

(സി) ഇല്ലെങ്കിൽ ഇത്തരം ആളുകളുടെ ആശ്രിതർക്ക് നിയമനം നൽകുന്ന കാര്യം പരിഗണിക്കുമോ ?

ഉത്തരം

(എ) ആശ്രിത നിയമനത്തിന് നിലവിൽ പാലിച്ചുവരുന്ന മാനദണ്ഡങ്ങൾ സംബന്ധിച്ച് ബോർഡ് ഉത്തരവുകളുടെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ബി&സി) ആശ്രിതനിയമനം നടപ്പിലാക്കുന്നതിലേയ്ക്കായി ബോർഡിൽ നിലവിലുള്ള 'ആശ്രിത നിയമന പദ്ധതി' അനുസരിച്ച് ജോലിക്കിടെ അപകടം സംഭവിക്കുന്ന ബോർഡ് ജീവനക്കാരുടെ ആശ്രിതർക്ക് വ്യവസ്ഥകൾക്ക് വിധേയമായി ആശ്രിത നിയമനം നൽകിവരുന്നുണ്ട്.

കെ.എസ്.ഇ.ബി. ലൈൻമാൻ -മസ്ദൂർ പ്രൊമോഷനും നിയമനവും

9 (354) ശ്രീ. സി. എഫ്. തോമസ് :
ശ്രീ. റ്റി. യു. കുരുവിള :
ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ഇ.ബി. ലിമിറ്റഡിലെ താഴ്ന്നവിഭാഗം ജീവനക്കാരുടെ പ്രൊമോഷനും നിയമനവും കാര്യക്ഷമമായി നടപ്പാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ;

(ബി) വൈദ്യുതി പ്രസരണ-വിതരണ നഷ്ടം പരമാവധി കുറയ്ക്കുന്നതിന് ലൈൻമാൻ-മസ്ദൂർ തസ്തികകൾ അടിയന്തരമായി നികത്തി ലൈനുകളിൽ വീണ് കിടക്കുന്ന മരച്ചില്ലകൾ ഉൾപ്പെടെ വെട്ടിമാറ്റുന്നതിന് നടപടികൾ സ്വീകരിക്കുമോ ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ) മസ്ദൂർ തസ്തികയിൽ നിലവിലുണ്ടായിരുന്ന എല്ലാ ഒഴിവുകളും പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാൻ അതാത് ജില്ലാ നിയമനാധികാരികളായ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർമാർക്ക് 12-3-2015 -ൽ നിർദ്ദേശം നൽകിയിട്ടുണ്ട്. പി.എസ്.സി. മുഖേനയുള്ള മസ്ദൂർ നിയമനം പുരോഗമിക്കുന്നു. ലൈൻമാൻ തസ്തികയിൽ നിലവിൽ ഒഴിവില്ല. ഒഴിവുകൾ വരുന്ന മുറയ്ക്ക് മസ്ദൂർ തസ്തികയിൽ നിന്നും പ്രൊമോഷൻ നൽകിവരുന്നുണ്ട്.

(ബി) ലൈനുകളിൽ വീണുകിടക്കുന്ന മരച്ചില്ലകളും മറ്റും വെട്ടിമാറ്റുന്ന ജോലി പ്രീമൺസൂൺ മെയിന്റനൻസിന്റെ ഭാഗമായും അല്ലാതെ നിശ്ചിത ഇടവേളകളിലും കൃത്യമായി ചെയ്തു വരുന്നുണ്ട്.

റൂഫ് ടോപ്പ് സോളാർ പവർ പ്ലാന്റ് പദ്ധതി

10 (355) ശ്രീ. ലൂഡി ലൂയിസ് :
ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. എ. റ്റി. ജോർജ് :
ശ്രീ. പി. എ. മാധവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് റൂഫ് ടോപ്പ് സോളാർ പവർ പ്ലാന്റ് പദ്ധതിക്ക് തുടക്കംകുറിച്ചിട്ടുണ്ടോയെന്ന് വെളിപ്പെടുത്തുമോ ; ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കാമോ ;

(ബി) പ്രസ്തുത പദ്ധതിയുടെ നോഡൽ ഏജൻസി ഏതാണ് ; വിശദമാക്കുമോ ;

(സി) പ്രസ്തുത പദ്ധതി നടപ്പാക്കാനായി ഏതെല്ലാം കമ്പനികളെയാണ് തെരഞ്ഞെടുത്തിരിക്കുന്നത് ; വിശദാംശങ്ങൾ നൽകുമോ ;

(ഡി) പ്രസ്തുത പദ്ധതി മുഖേന എത്രത്തോളം വൈദ്യുതിയാണ് ഗ്രണഭോക്താവിന് ലഭിക്കുന്നത് ; വിശദമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്തെ വൈദ്യുത പ്രതിസന്ധി പരിഹരിക്കുന്നതിനായി ഈ ഗവൺമെന്റ് അധികാരമേറ്റതിനുശേഷം സൗരോർജ്ജ ഉത്പാദനം വർദ്ധിപ്പിക്കുന്നതിലേയ്ക്കായി അനെർട്ടിന്റെ ആഭിമുഖ്യത്തിൽ 10,000 സോളാർ റൂഫ് ടോപ്പ് പദ്ധതി 2012-13 മുതൽ നടപ്പിലാക്കിവരുന്നു. ഈ പദ്ധതിയിൻ കീഴിൽ ഒരു വീട്ടിൽ ഒരു കിലോവാട്ട് സൗരോർജ്ജ പ്ലാന്റ് സ്ഥാപിച്ച് അതിലൂടെ 10,000 വീടുകളിലായി 10 മെഗാവാട്ട് സ്ഥാപിത ശേഷി കൈവരിക്കാനാണ് ലക്ഷ്യമിടുന്നത്.

LIBRARY ARCHIVES Kerala Legislative Assembly